പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 202

# 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 202

# 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

423/2013.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 202

# 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

1969-ലെ കേരള സഹകരണ സംഘ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1969-ലെ കേരള സഹകരണ സംഘ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) 3-ഉം 7-ഉം വകുപ്പുകൾ 2011 ഏപ്രിൽ 30-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും രണ്ടാം വകുപ്പും 4-ാം വകുപ്പിലെ (i)-ാം ഖണ്ഡവും 5-ഉം 6-ഉം വകുപ്പുകളും 2010 ഏപ്രിൽ 28-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 4-ാം വകുപ്പിലെ (ii)-ാം ഖണ്ഡം, 2007 ജൂൺ 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ഈ ആക്റ്റിലെ അവശേഷിക്കുന്ന വ്യവസ്ഥകൾ 2012 ആഗസ്റ്റ് 13-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പേടേണ്ടതുമാണ്.

2. 33-ാം വകുപ്പിന്റെ ഭേദഗതി.—1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ (1969-ലെ 21) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 33-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിൽ, ''അവരിൽ ഒരാളെ കൺവീനറായും, ആ ആൾ സംഘത്തിലെ അംഗങ്ങൾ ആയിരിക്കണമെന്നില്ല" എന്നീ വാക്കുകൾക്കു പകരം "അവർ സംഘത്തിലെ അംഗങ്ങൾ ആയിരിക്കണമെന്നില്ല, അവരിൽ ഒരാളെ കൺവീനറായും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (1എ) ഉപവകുപ്പിൽ, രണ്ട് സ്ഥലങ്ങളിൽ വന്നിട്ടുള്ള "കമ്മിറ്റി, അഡ്മിനിസ്ട്രേറ്റർ അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റർമാർ" എന്നീ വാക്കുകൾക്ക് പകരം "അഡ്മിനിസ്ട്രേറ്റർ അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(iii) (2)-ാം ഉപവകുപ്പിൽ, ''കമ്മിറ്റി, അഡ്മിനിസ്ട്രേറ്റർ അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റർമാർ" എന്നീ വാക്കുകൾക്ക് പകരം "അഡ്മിനിസ്ട്രേറ്റർ അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(iv) (3)-ാം ഉപവകുപ്പിൽ, ''കമ്മിറ്റി, അഡ്മിനിസ്ട്രേറ്റർ അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റർമാർ" എന്നീ വാക്കുകൾക്ക് പകരം "അഡ്മിനിസ്ട്രേറ്റർ അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

3. 56എഎന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിൽ 56-ാം വകുപ്പിന് ശേഷം ഇനിപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

''56എ. ബാങ്കിംഗ് ഇതര ആസ്തികൾ കൈയൊഴിക്കൽ.—വായ്പ തുക വസൂലാക്കുന്ന തിനായി വിൽപ്പനാധികാരി മുഖേനയുള്ള വിൽപ്പനയിലൂടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമ നടപടികളിലൂടെയോ ഒരു സഹകരണ സംഘം ആർജ്ജിച്ച സ്ഥാവര സ്വത്ത്, അതിന്റെ ആർജ്ജനം മുതൽ ഏഴു വർഷത്തിനുള്ളിൽ രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടുകൂടി കൈയൊഴിക്കേണ്ടതാണ്.".

4. 63-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 63-ാം വകുപ്പിൽ,—

(i) (3)-ാം ഉപവകുപ്പിൽ, "അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥർക്ക്" എന്നീ വാക്കുകൾക്ക് ശേഷം ''അല്ലെങ്കിൽ രജിസ്ട്രാറുടെ കീഴുദ്യോഗസ്ഥർക്ക്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (12)-ാം ഉപവകുപ്പിനുശേഷം, ഇനിപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ട താണ്, അതായത്:—

"(13) സർക്കാരിന്, ഈ വകുപ്പിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ വിജ്ഞാപനം, അത് ഗസറ്റിൽ പ്രസിദ്ധീകരിച്ചുകൊണ്ട്, പുറപ്പെടുവിക്കാവുന്നതാണ്.".

5. 66-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 66-ാം വകുപ്പിൽ, (11)-ാം ഉപവകുപ്പിന്റെ വിശദീകരണം 2-ൽ "(4)-ാം ഉപവകുപ്പ്" എന്ന വാക്കിനും അക്കത്തിനും ബ്രാക്കറ്റുകൾക്കും പകരം ''(4എ) ഉപവകുപ്പ്" എന്ന വാക്കും അക്കവും അക്ഷരവും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്.

6. 69എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 69എ വകുപ്പിൽ, (3)-ാം ഉപവകുപ്പിൽ, "അറുപത്തഞ്ച് വയസ്സോ" എന്ന വാക്കുകൾക്ക് പകരം "അറുപത്തിയഞ്ച് വയസ്സ് തികയുകയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 80സി, 80ഡി, 80ഇ എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 80ബി വകുപ്പിനുശേഷം ഇനിപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"80 സി. കേരള സഹകരണ ജീവനക്കാരുടെ ക്ഷേമപദ്ധതി.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി "കേരള സഹകരണ ജീവനക്കാരുടെ ക്ഷേമനിധി" എന്ന

പേരിൽ ഒരു നിധി ഏർപ്പെടുത്തുന്നതിനും കൈകാര്യം ചെയ്യുന്നതിനും വേണ്ടി കേരള സഹകരണ ജീവനക്കാരുടെ ക്ഷേമ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കാവുന്നതും പദ്ധതി തയ്യാറാക്കിയതിനുശേഷം കഴിയുന്നത്ര വേഗം ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾക്കനുസൃതമായി ഒരു നിധി ഏർപ്പെടുത്താവുന്നതുമാണ്.

(2) പദ്ധതിയിൻ കീഴിൽ ഏർപ്പെടുത്തിയ ക്ഷേമനിധി കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതും പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള നികായത്താലോ അധികാര സ്ഥാനത്താലോ ഭരണ നിർവ്വഹണം നടത്തപ്പെടേണ്ടതുമാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഇനിപ്പറയുന്ന കാര്യങ്ങൾക്കായി പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(i) കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമനിധി കൈകാര്യം ചെയ്യലും ഭരണനിർവ്വഹണവും;

(ii) അതിൻകീഴിൽ രൂപീകരിക്കപ്പെടുന്ന അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ അധികാരങ്ങളും ചുമതലകളും;

(iii) പദ്ധതിയിൻ കീഴിൽ രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിന്റെ ഘടനയും സ്ഥാപന സംവിധാന മാതൃകയും.

80ഡി. കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ്.—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയതും സഹകരണ സംഘം രജിസ്ട്രാറുടെയും അതുപോലെതന്നെ സംസ്ഥാന സർക്കാരിന്റെ മറ്റു വകുപ്പുകളുടെയും ഭരണ നിയന്ത്രണത്തിലുള്ളതുമായ ഒരു സഹകരണ സംഘത്തിലെ സ്ഥിരം ജീവനക്കാരുടെയും കമ്മീഷൻ ഏജന്റുമാരുടെയും കമ്മീഷൻ അടിസ്ഥാനത്തിൽ മറ്റേതെങ്കിലും പേരിൽ ജോലി ചെയ്യുന്നവരുടെയും ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിലേക്കായി ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾക്കനുസൃതമായി കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ബോർഡ് ഒരു ക്ഷേമ നിധിയുടെ രൂപീകരണത്തിന് വ്യവസ്ഥ ചെയ്യേണ്ടതും അതിൽ ജീവനക്കാരുടെ ക്ഷേമത്തിനായി അതിന്റെ നിധി സമാഹരിക്കേണ്ട രീതിയും ഭരണം നിർവ്വഹിക്കേണ്ട രീതിയും ജീവനക്കാരുടെ സഹകരണ സംഘങ്ങളും നിധിയിലേക്ക് അടയ്ക്കേണ്ടതായ അംശദായനിരക്കുകളും വിനിർദ്ദേശിക്കേണ്ടതുമാണ്.

(3) ബോർഡിന്, ജീവനക്കാർക്ക് അവരുടെ നിർധനാവസ്ഥകളിലും ഇനിപ്പറയുന്ന ആവശ്യങ്ങൾക്കുമായി പണവും മറ്റു സഹായങ്ങളും നൽകാവുന്നതാണ്, അതായത്:—

(i) മരണപ്പെട്ട ജീവനക്കാരുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നതിന്;

(ii) അതിൽ വിനിർദ്ദേശിക്കപ്പെടുന്ന രോഗങ്ങളുടെ ചികിത്സയ്ക്ക് വിധേയരായിട്ടുള്ള ജീവനക്കാർക്ക് വൈദ്യസഹായത്തിനുള്ള പണം നൽകുന്നതിന്;

(iii) ജീവനക്കാർ നൽകിയിട്ടുള്ള അംശദായം അവർ വിരമിക്കുമ്പോഴോ മറ്റു കാരണങ്ങളാൽ ആശ്വാസമായോ മടക്കി നൽകുന്നതിന്;

(iv) ജീവനക്കാർക്ക് അവരുടെ ചികിത്സാ ചെലവുകൾ വഹിക്കുന്നതിന് അഡ്വാൻസുകൾ നൽകുന്നതിന്;

(v) അതിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിലും അങ്ങനെയുള്ള നിബന്ധനകൾക്കും വിധേയമായി ജീവനക്കാരുടെ കുട്ടികൾക്ക് ക്യാഷ് പ്രൈസുകൾ സമ്മാനിക്കുന്നതിന്;

(vi) പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതോ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമെന്നോ ഉചിതമെന്നോ കരുതാവുന്ന മറ്റേതെങ്കിലും ആവശ്യങ്ങൾക്ക്.

(4) സർക്കാരിന് കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിലെ ജീവനക്കാരുടെ സ്റ്റാഫ് റെഗുലേഷനുകളും സേവന വ്യവസ്ഥകളും സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

80ഇ. നിലവിലുള്ള കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിന്റെ ആസ്തികളുടെ കൈമാറ്റവും നിയന്ത്രണവും.—(1) കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിന്റെ രൂപീകരണത്തിനും ഭരണ നിർവ്വഹണത്തിനുംവേണ്ടി 1986 സെപ്റ്റംബർ 30-ാം തീയതിയിലെ സ. ഉ. (സാധാരണം) നമ്പർ 383/86/സഹ. പ്രകാരം പുറപ്പെടുവിച്ച ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 80ഡി വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിന്റെ രൂപീകരണ തീയതിയിലും അന്നു മുതൽക്കും, നിലവിലുള്ള കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിന്റെ എല്ലാ ആസ്തികളും ബാധ്യതകളും മേൽപ്പറഞ്ഞ ഉപവകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിലേക്ക് കൈമാറ്റം ചെയ്യപ്പെടേണ്ടതാണ്.

(2) 80ഡി വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിന്റെ രൂപീകരണ തീയതിയിലും അന്നു മുതൽക്കും 1986 സെപ്റ്റംബർ 30-ാം തീയതിയിലെ സർക്കാർ ഉത്തരവ് (സാധാരണം) നമ്പർ 383/86/സഹ. പ്രകാരം രൂപീകരിക്കപ്പെട്ട നിലവിലുള്ള കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ്, മേൽപ്പറഞ്ഞ ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിൽ നിക്ഷിപ്തമാകുന്നതും നിലവിലുള്ള നിധിയുടെ നിയന്ത്രണവും മേൽനോട്ടവും പ്രസ്തുത ബോർഡിനായിരിക്കുന്നതുമാണ്.”.

8. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് (2013-ലെ 25) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ (1969-ലെ 21) 63-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിന് പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുവഴി ആക്റ്റിലെ സഹകരണ ആഡിറ്റ് ഡയറക്ടർക്കുള്ള എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥർക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്. ആ അധികാരം രജിസ്ട്രാറുടെ കീഴുദ്യോഗസ്ഥർക്ക് വ്യാപിപ്പിക്കുന്നതിനും 63-ാം വകുപ്പിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനും പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിനും 2010 ജൂൺ 10-ാം തീയതി 2010-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് (2010-ലെ 22) കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയുണ്ടായി.

2. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2010 ജൂൺ 28-ാം തീയതി ആരംഭിച്ച് 2010 ജൂലൈ 29-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാത്തതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായും 2010-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് (2010-ലെ 49) കേരള ഗവർണ്ണർ 2010 ആഗസ്റ്റ് 8-ാം തീയതി വിളംബരപ്പെടുത്തുകയുണ്ടായി.

3. 2010-ലെ 49-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2010 ഡിസംബർ 21-ാം തീയതി ആരംഭിച്ച് 2011 ജനുവരി 3-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാത്തതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായും 2011-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് (2011-ലെ 18) കേരള ഗവർണ്ണർ 2011 ജനുവരി 22-ാം തീയതി വിളംബരപ്പെടുത്തുകയുണ്ടായി.

4. 2011-ലെ 18-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2011 ഫെബ്രുവരി 4-ാം തീയതി ആരംഭിച്ച് 2011 ഫെബ്രുവരി 24-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാത്തതിനാലും

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായും 2011-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് (2011-ലെ 22) കേരള ഗവർണ്ണർ 2011 മാർച്ച് 17-ാം തീയതി വിളംബരപ്പെടുത്തുകയുണ്ടായി.

5. 2010-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് (2010-ലെ 7) പ്രകാരം 33-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് ഭേദഗതി ചെയ്തിരുന്നു, എന്നാൽ (1എ), (2), (3) എന്നീ ഉപവകുപ്പുകളിൽ അതിനനുസരിച്ചുള്ള ഭേദഗതി വരുത്തിയിരുന്നില്ല. ആയതിനാൽ ഈ ഉപവകുപ്പുകളും അതനുസരിച്ച് ഭേദഗതി ചെയ്യേണ്ടതുണ്ട്. 1969-ലെ കേരള സഹകരണ സംഘ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ സഹകരണ സംഘങ്ങളുടെ ജീവനക്കാരുടെ ക്ഷേമത്തിനായി ഫണ്ട് സമാഹരിക്കുന്നതിനും ഭരണം നിർവ്വഹിക്കുന്നതിനും 1986 സെപ്റ്റംബർ 30-ാം തീയതിയിലെ സ.ഉ.(സാധാരണ) നമ്പർ 383/86/സഹ. നമ്പർ ഉത്തരവിൻപ്രകാരം സർക്കാർ കേരള സഹകരണ ജീവനക്കാരുടെ ക്ഷേമബോർഡ് രൂപീകരിച്ചിരുന്നുവെങ്കിലും സഹകരണ സംഘ ആക്റ്റിൽ ക്ഷേമബോർഡിന്റെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് നിയമപ്രകാരമുള്ള വ്യവസ്ഥകൾ ഇല്ലാതിരുന്നതിനാൽ അതിന് നിയമത്തിന്റെ പിന്തുണ ഉണ്ടായിരുന്നില്ല. ആയതിനാൽ ആക്റ്റിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിക്കുകയും അതിലേക്കായി 2011-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2011-ലെ 44) കേരള ഗവർണ്ണർ 2011 ഏപ്രിൽ 28-ാം തീയതി വിളംബരപ്പെടുത്തുകയും ചെയ്തു.

6. സംഘങ്ങളിൽ ബാങ്കിംഗ് ഇതര ആസ്തികൾ കെട്ടിക്കിടക്കൽ സംഘങ്ങൾക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടായിരുന്നു. അതുകൊണ്ട് ഒരു സംഘം ആർജ്ജിച്ച സ്ഥാവര വസ്തുക്കൾ അതിന്റെ ആർജ്ജനം മുതൽ ഏഴ് വർഷത്തിനകം കൈയൊഴിക്കുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച വ്യവസ്ഥ 2011-ലെ 44-ാം നമ്പർ ഓർഡിനൻസ് മുഖേന 56എ വകുപ്പായി കൂട്ടിച്ചേർക്കുകയുണ്ടായി.

7. 2011-ലെ 22-ാം നമ്പർ ഓർഡിനൻസിനും 2011-ലെ 44-ാം നമ്പർ ഓർഡിനൻസിനും പകരം സംസ്ഥാന നിയമസഭയുടെ ആക്റ്റുകൾ കൊണ്ടുവരുന്നതിനുള്ള ബില്ലുകൾ 2011 ജൂൺ 1-ാം തീയതി ആരംഭിച്ച് 2011 ജൂലൈ 20-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാത്തതിനാലും ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 2011-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസും (2011-ലെ 22), 2011-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ഓർഡിനൻസും (2011-ലെ 44) 2011 ജൂലൈ 13-ാം തീയതി പ്രാബല്യമില്ലാതായി തീർന്നതിനാലും വ്യവസ്ഥകൾ നിലനിർത്തുന്നതിനായും, 2011-ലെ 44-ാം നമ്പർ ഓർഡിനൻസിലെ 4-ാം വകുപ്പിലും 9-ാം വകുപ്പിലും അടങ്ങിയിരുന്ന വ്യവസ്ഥകൾ ഒഴിച്ച് രണ്ട് ഓർഡിനൻസുകളേയും കൂട്ടിച്ചേർത്ത് 2012-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ഓർഡിനൻസ്, 2012 മേയ് 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2012-ലെ 38-ാം നമ്പർ ഓർഡിനൻസായി 2012 മേയ് 26-ാം തീയതിയിലെ 1077-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

8. 2012-ലെ 38-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2012 ജൂൺ 11-ാം തീയതി ആരംഭിച്ച് 2012 ജൂലൈ 25-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളന കാലത്ത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 2012-ലെ 38-ാം നമ്പർ ഓർഡിനൻസ് 2012 ജൂലൈ 23-ാം തീയതി പ്രാബല്യത്തിലില്ലാതായി തീർന്നു. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകളെ ആവശ്യമായ സാധൂകരിക്കൽ ഖണ്ഡത്തോടുകൂടി നിലനിർത്തുന്നതിനായി 2012-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2012-ലെ 44) 2012 ആഗസ്റ്റ് 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തകയും 2012 ആഗസ്റ്റ് 13-ാം തീയതിയിലെ 1699-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

9. 2012-ലെ 44-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2012 ഡിസംബർ 10-ാം തീയതി ആരംഭിച്ച് 2012 ഡിസംബർ 21-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 2012-ലെ 44-ാം നമ്പർ ഓർഡിനൻസ് 2013 ജനുവരി 21-ാം തീയതി പ്രാബല്യമില്ലാതായിത്തീരുമായിരുന്നു. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് (2013-ലെ 16) 2013 ജനുവരി 14-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2013 ജനുവരി 15-ാം തീയതിയിലെ 124-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

10. 2013-ലെ 16-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2013 ഫെഫ്രുവരി 1-ാം തീയതി ആരംഭിച്ച് 2013 ഫെബ്രുവരി 19-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ്, 2013 ഫെബ്രുവരി 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013-ലെ 25-ാം നമ്പർ ഓർഡിനൻസായി 2013 ഫെബ്രുവരി 27-ാം തീയതിയിലെ 564-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

11. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികച്ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡംകൊണ്ട് പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 63-ാം വകുപ്പിന്റെ (13)-ാം ഉപവകുപ്പ്, 63-ാം വകുപ്പിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി പിൽകാല പ്രാബല്യത്തോടുകൂടിയോ മുൻകാലപ്രാബല്യത്തോടുകൂടിയോ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 7-ാം ഖണ്ഡംകൊണ്ട് പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 80സി വകുപ്പിന്റെ (1)-ാം ഉപവകുപ്പ്, വിജ്ഞാപനം വഴി കേരള സഹകരണ ജീവനക്കാരുടെ ക്ഷേമ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കുന്നതിനും "കേരള സഹകരണ ജീവനക്കാരുടെ ക്ഷേമനിധി" ഏർപ്പെടുത്തുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 7-ാം ഖണ്ഡംകൊണ്ട് പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 80സി വകുപ്പിന്റെ (3)-ാം ഉപവകുപ്പ്, പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന കാര്യങ്ങളെ എണ്ണിപ്പറയുന്നു.

4. ബില്ലിലെ 7-ാം ഖണ്ഡംകൊണ്ട് പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 80ഡി വകുപ്പിന്റെ (1)-ാം ഉപവകുപ്പ്, "കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ്" ഗസറ്റ് വിജ്ഞാപനം വഴി രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. ബില്ലിലെ 7-ാം ഖണ്ഡംകൊണ്ട് പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 80ഡി വകുപ്പിന്റെ (4)-ാം ഉപവകുപ്പ്, കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിന്റെ ജീവനക്കാരുടെ സ്റ്റാഫ് റെഗുലേഷനുകളും സേവന വ്യവസ്ഥകളും സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും പദ്ധതികൾ തയ്യാറാക്കാവുന്നതും വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നതും അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളോ അല്ലെങ്കിൽ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതാണ്. കൂടാതെ, ചട്ടങ്ങൾ അവ ഉണ്ടായതിനുശേഷം നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

സി. എൻ. ബാലകൃഷ്ണൻ.

(ശരിത്തർജ്ജമ)

## 1969-ലെ കേരള സഹകരണ സംഘ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1969-ലെ 21)

** ** ** **

33. കമ്മിറ്റി മുതലായവ രൂപീകരിക്കാൻ വീഴ്ച വരുത്തുമ്പോൾ പുതിയ കമ്മിറ്റിയെയോ അഡ്മിനിസ്ട്രേറ്ററെയോ നിയമിക്കൽ.—(1) ഒരു കമ്മിറ്റിയുടെ പ്രവർത്തന കാലാവധി അവസാനിച്ചിരിക്കുകയും ഒരു പുതിയ കമ്മിറ്റി രൂപീകരിക്കാതിരിക്കുകയും ചെയ്യുകയോ അല്ലെങ്കിൽ നിലവിലിരിക്കുന്ന കമ്മിറ്റിക്കെതിരായി പൊതുയോഗം ഒരു അവിശ്വാസപ്രമേയം പാസ്സാക്കിയിരിക്കുകയോ അല്ലെങ്കിൽ നിലവിലിരിക്കുന്ന കമ്മിറ്റി ഒന്നടങ്കം രാജിവയ്ക്കുകയോ അല്ലെങ്കിൽ ഒന്നുകിൽ രാജിമൂലമോ അഥവാ മറ്റു വിധത്തിലോ കമ്മിറ്റിയിൽ ഒഴിവുകൾ ഉണ്ടാവുകയും അവശേഷിക്കുന്ന അംഗ സംഖ്യയ്ക്ക് കമ്മിറ്റി യോഗത്തിനുള്ള ക്വാറം തികയ്ക്കുന്നതിന് കഴിയാതെ വരികയോ അല്ലെങ്കിൽ കമ്മിറ്റി അതിന്റെ മുറപ്രകാരമുള്ള യോഗം, തുടർച്ചയായി ആറുമാസത്തേക്ക് നടത്തുന്നതിന് വീഴ്ചവരുത്തുകയോ അല്ലെങ്കിൽ രജിസ്ട്രാറിന് യുക്തമെന്ന് ബോധ്യമാവുകയോ ചെയ്യുന്നിടത്തോ.

** ** ** **

(ബി) നിലവിലിരിക്കുന്ന കമ്മിറ്റിയുടെ പ്രവർത്തന കാലാവധി തീരുന്ന തീയതിക്ക്, ഒരു പുതിയ കമ്മിറ്റി പ്രവർത്തനത്തിലേർപ്പെടുന്നത് തടയപ്പെട്ടിരിക്കുകയോ പുതിയ കമ്മിറ്റി പ്രവർത്തനത്തിൽ ഏർപ്പെടുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്നപക്ഷം രജിസ്ട്രാറിന് സ്വമേധയായോ സംഘത്തിലെ ഏതെങ്കിലും അംഗത്തിന്റെ അപേക്ഷയിൻമേലോ, സർക്കിൾ സഹകരണ യൂണിയനെ അറിയിച്ചതിനുശേഷം, ഒരു അഡ്മിനിസ്ട്രേറ്ററെയോ മൂന്നിൽ കൂടുതലല്ലാത്ത ആളുകൾ ഉൾപ്പെടുന്ന ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെയോ, അവരിൽ ഒരാളെ കൺവീനർ ആയും, അവർ സംഘത്തിലെ അംഗങ്ങൾ ആയിരിക്കണമെന്നില്ല, സംഘത്തിന്റെ കാര്യനിർവ്വഹണത്തിനായി ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരം, ആറു മാസത്തിൽ കവിയാതെയുള്ള ഒരു കാലയളവിലേക്ക് നിയമിക്കാവുന്നതും, പ്രസ്തുത കാലയളവ്, രജിസ്ട്രാറുടെ വിവേചനമനുസരിച്ചും രേഖപ്പെടുത്തിയ കാരണങ്ങളാലും, കാലാകാലങ്ങളിൽ ദീർഘിപ്പിക്കാവുന്നതും, എന്നിരുന്നാലും മൊത്തം കാലയളവ് യാതൊരു സംഗതിയിലും, ഒരു വർഷമോ പുതിയ കമ്മിറ്റി പ്രവർത്തനത്തിൽ ഏർപ്പെടുന്നതുവരെയോ, അവയിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണ്.

** ** ** **

(1എ) ഉപവകുപ്പ് (1)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഉപവകുപ്പ് (1) പ്രകാരം രജിസ്ട്രാർ നിയമിച്ചിട്ടുള്ള, അതത് സംഗതിപോലെ, കമ്മിറ്റിയുടെയോ, അഡ്മിനിസ്ട്രേറ്ററുടെയോ അഡ്മിനിസ്ട്രേറ്റർമാരുടെയോ പ്രവർത്തന കാലാവധി അവസാനിക്കുന്നതിനു മുൻപ് ഒരു പുതിയ കമ്മിറ്റി രൂപീകരിക്കാൻ കഴിയുന്നില്ല അല്ലെങ്കിൽ സംഘത്തിന്റെ പ്രവർത്തനത്തിൽ ഏർപ്പെടാൻ അതിന് കഴിയുന്നില്ല എന്നും സംഘത്തിന്റെ കാര്യങ്ങൾ മാനേജ്

ചെയ്യുന്നതും തെരഞ്ഞെടുക്കപ്പെട്ട ഒരു പുതിയ കമ്മിറ്റി പ്രവർത്തനത്തിൽ ഏർപ്പെടുന്നതിനെ സാദ്ധ്യമാക്കിത്തീർക്കുന്നതും പൊതു താൽപ്പര്യാർത്ഥം ആവശ്യമാണെന്നും രജിസ്ട്രാറുടെ റിപ്പോർട്ട് ലഭിച്ചതിൻമേൽ സർക്കാരിന് ബോധ്യമാകുന്നിടത്ത്, സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി രേഖപ്പെടുത്തേണ്ട കാരണങ്ങൾക്കായി പ്രസ്തുത കമ്മിറ്റിയുടെയോ അഡ്മിനിസ്ട്രേറ്ററുടെയോ അഡ്മിനിസ്ട്രേറ്റർമാരുടെയോ കാലാവധി ആകെ ഒരു വർഷത്തിൽ കവിയാത്ത കൂടുതൽ കാലയളവിലേക്കോ ഒരു പുതിയ കമ്മിറ്റി പ്രവർത്തനത്തിൽ ഏർപ്പെടുന്നതുവരെയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ ദീർഘിപ്പിക്കുവാൻ രജിസ്ട്രാറെ അനുവദിക്കാവുന്നതാണ്.

** ** ** **

(2) ഉപവകുപ്പ് (1)-ഉം (1എ) യും പ്രകാരം നിയമിക്കപ്പെടുന്ന കമ്മിറ്റിയോ അഡ്മിനിസ്ട്രേറ്ററോ അഡ്മിനിസ്ട്രേറ്റർമാരോ രജിസ്ട്രാറുടെ നിയന്ത്രണത്തിനും അതത് സമയം അദ്ദേഹം നൽകാവുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി കമ്മിറ്റിയുടെയോ സംഘത്തിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ അധികാരങ്ങളും ചുമതലകളും പ്രായോഗികമാക്കുന്നതിനും സംഘത്തിന്റെ താല്പര്യത്തിന് ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള എല്ലാ നടപടിയും എടുക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) കമ്മിറ്റിയോ അഡ്മിനിസ്ട്രേറ്ററോ അഡ്മിനിസ്ട്രേറ്റർമാരോ, അതത് സംഗതിപോലെ, ഒരു പുതിയ കമ്മിറ്റിയുടെ രൂപീകരണത്തിനോ പുതിയ കമ്മിറ്റി പ്രവർത്തനത്തിൽ ഏർപ്പെടുന്നതിനോ ഒരുക്കം ചെയ്യേണ്ടതാണ്.

** ** ** **

56. അറ്റാദായം വിനിയോഗിക്കൽ.—(1) ഒരു സംഘം ഏതൊരു വർഷത്തെയും അതിന്റെ അറ്റാദായത്തിൽ നിന്ന്,—

(എ) ** ** ** **

(ബി) ** ** ** **

(2) ** ** ** **

(3) ഈ ആക്റ്റിലെ 18-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ജില്ലാ സഹകരണ ബാങ്കുകളുടെ സംഗതിയിൽ 'അംഗം' എന്നതിൽ (2)-ാം ഉപവകുപ്പിലെ (എ) ഖണ്ഡത്തിന്റെ ആവശ്യത്തിനായി നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങളും ഉൾപ്പെടുന്നതാണ്.

** ** ** **

** ** ** **

63. സഹകരണ ആഡിറ്റ് ഡയറക്ടർ.—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, ഒരാളെ സംസ്ഥാനമാകെ അധികാരിതയോടു കൂടിയ സഹകരണ ആഡിറ്റ് ഡയറക്ടറായി നിയമിക്കേണ്ടതാണ്.

** ** ** **

(3) സർക്കാരിന് പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി, ഈ ആക്റ്റിലെ സഹകരണ ആഡിറ്റ് ഡയറക്ടർക്കുള്ള എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥർക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

** ** ** **

(12) സഹകരണ ആഡിറ്റ് ഡയറക്ടർ, നിർദ്ദിഷ്ട സമയത്തിനുള്ളിൽ അംഗീകരിച്ച പാനലിൽ നിന്ന് ആഡിറ്റർമാരെയോ, ആഡിറ്റിംഗ് ഫേമുകളെയോ നിയമിക്കുന്നതിനായി പൊതുയോഗമോ പ്രത്യേക പൊതുയോഗമോ വിളിച്ചുചേർക്കുന്നതിനുള്ള ഉത്തരവാദിത്വം മാനേജിംഗ് കമ്മിറ്റിക്കായിരിക്കുന്നതും അതിൽ വീഴ്ച വരുത്തുന്നപക്ഷം മാനേജിംഗ് കമ്മിറ്റിയംഗങ്ങൾക്ക് അവരുടെ പദവി ഇല്ലാതായി തീരുന്നതുമാണ്. ഇത്തരം സംഗതികളിൽ ഭരണ സ്തംഭനം ഒഴിവാക്കുന്നതിനായി രജിസ്ട്രാർക്ക്, സ്വമേധയായോ സഹകരണ ആഡിറ്റ് ഡയറക്ടർമാരുടെയോ ഇതിലേക്കായി പ്രാധികാരം ചെയ്ത മറ്റേതെങ്കിലും വ്യക്തിയുടെ അപേക്ഷയിന്മേലോ ഒരു അഡ്മിനിസ്ട്രേറ്ററേയോ മൂന്നിൽ കവിയാത്ത ആളുകളുള്ള ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയേയോ അവരിൽ ഒരാളെ കൺവീനറായും, അയാൾ സംഘത്തിലെ അംഗമാകണമെന്നില്ല, ഉത്തരവിൽ പറയാവുന്ന ആറ് മാസത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക്, സംഘത്തിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി നിയമിക്കാവുന്നതാണ്.

എന്നാൽ, അഡ്മിനിസ്ട്രേറ്ററോ അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ ഒരു പുതിയ കമ്മിറ്റിയുടെ രൂപീകരണത്തിനോ പുതിയ കമ്മിറ്റി ഓഫീസ് പദവിയിൽ പ്രവേശിക്കുന്നതിനോ, അതതു സംഗതിപോലെ, വേണ്ട ക്രമീകരണം നടത്തേണ്ടതാണ്.

** ** ** **

66. മേൽനോട്ടവും പരിശോധനയും.—(1) രജിസ്ട്രാർ, ആവശ്യമെന്ന് അദ്ദേഹം കരുതുമ്പോഴെല്ലാം കൂടെക്കൂടെ ഏതൊരു സംഘത്തിന്റെയും പ്രവർത്തനത്തെ മേൽനോട്ടം വഹിക്കുകയോ അല്ലെങ്കിൽ ഇതിന് വേണ്ടി അദ്ദേഹം ലിഖിതമായുള്ള സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി അധികാരപ്പെടുത്തുന്ന ഒരു ആളെകൊണ്ട് മേൽനോട്ടം വഹിക്കുവാൻ ഇടവരുത്തേണ്ടതോ ആണ്. ഈ ഉപവകുപ്പു പ്രകാരമുള്ള മേൽനോട്ടത്തിൽ സംഘത്തിന്റെ ബുക്കുകളുടെ പരിശോധനയും ഉൾപ്പെടാവുന്നതാണ്.

** ** ** **

(11) മുകളിലെ (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രജിസ്ട്രാർക്കോ (1)-ാം ഉപവകുപ്പുപ്രകാരം അദ്ദേഹം അധികാരപ്പെടുത്തുന്ന അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥർക്കോ ഏതെങ്കിലും പരാതിയിന്മേൽ ഒരു സംഘത്തിന്റെ ആവശ്യമായ റിക്കാർഡുകളോടുകൂടി ഒരു അന്വേഷണം നടത്തുന്നതിനും ഒരു സംഘത്തിന്റെ കാര്യങ്ങൾ ആനുകാലികമായി പരിശോധിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള സംഗതികളിൽ പരിശോധനാ ഉദ്യോഗസ്ഥർക്ക് (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്.

വിശദീകരണം1:—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി "ഒരു സംഘത്തിന്റെ കാര്യങ്ങൾ" എന്നതിൽ മറ്റു കാര്യങ്ങളോടൊപ്പം ഒരു സംഘത്തിന്റെ ഭരണത്തെയും നടത്തിപ്പിനെയും ബിസിനസിനെയും സംബന്ധിക്കുന്ന കാര്യങ്ങൾ ഉൾപ്പെടുന്നതാണ്.

വിശദീകരണം2:—ഒരു സംഘത്തിന്റെ ഉദ്യോഗസ്ഥരുടെയും മുഖ്യ നിർവ്വാഹകന്റെയും കർത്തവ്യവും (4)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള കുറ്റങ്ങളുടെ സ്വഭാവവും ശിക്ഷകളും ഈ ഉപവകുപ്പിനും കൂടി ബാധകമാകുന്നതാണ്.

** ** ** **

69എ. സഹകരണ ഓംബുഡ്സ്മാൻ.—(1) സർക്കാരിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സംഘങ്ങളുടെ ബാങ്കിംഗിലെയോ അല്ലെങ്കിൽ മറ്റ് സേവനങ്ങളിലെയോ ന്യൂനതയെ സംബന്ധിക്കുന്ന പരാതികൾ പരിഹരിക്കൽ സാദ്ധ്യമാക്കിത്തീർക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി "കേരള സഹകരണ ഓംബുഡ്സ്മാൻ പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കാവുന്നതാണ്.

** ** ** **

(3) അതതുസംഗതിപോലെ, ഓംബുഡ്സ്മാന്റെ അല്ലെങ്കിൽ ഓംബുഡ്സ്മാൻമാരുടെ ഉദ്യോഗ കാലാവധി അവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്നു വർഷമോ അറുപത്തിയഞ്ച് വയസ്സോ ഏതാണോ ആദ്യം വരുന്നത് അതുവരെ ആയിരിക്കുന്നതാണ്.

** ** ** **

80ബി. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്.—(1) ഈ ആക്ടിലോ ചട്ടങ്ങളിലോ ഏതെങ്കിലും സംഘത്തിന്റെ ഉദ്യോഗസ്ഥരുടെയോ അവരുടെ കീഴ് ജീവനക്കാരുടെയോ റിക്രൂട്ട്മെന്റിനെ സംബന്ധിക്കുന്ന ഉപനിയമങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാർ, ഗസറ്റ് വിജ്ഞാപനംവഴി, സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും പ്രാഥമിക വായ്പാ സംഘങ്ങളിലും അർബൻ സഹകരണ ബാങ്കുകളിലും പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകളിലും ജൂനിയർ ഗുമസ്ഥൻ വിഭാഗത്തിലും അതിനുമുകളിലുമുള്ള തസ്തികകളിലേക്കുള്ള നേരിട്ടുള്ള എല്ലാ റിക്രൂട്ട്മെന്റിനും വേണ്ടി എഴുത്തുപരീക്ഷ നടത്തുന്നതിനായി ഒരു സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് രൂപീകരിക്കേണ്ടതാണ്.

** ** ** **

(4) 80-ാം വകുപ്പിന്റെ (3എ) ഉപവകുപ്പിലും ഈ വകുപ്പിന്റെ (1)-ാം ഉപ വകുപ്പിലും എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു സംഘത്തിന്റെ കമ്മിറ്റിക്ക് രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, തൊഴിൽപരമായോ സാങ്കേതിക പരമായോ യോഗ്യതയുള്ള ആളുകളെയോ പരിചയമോ വൈദഗ്ദ്ധ്യമോ ഉള്ള ആളുകളെയോ സാങ്കേതികപരമോ തൊഴിൽപരമോ ആയ യോഗ്യതകൾ ആവശ്യമാകുന്ന തസ്തികകളിലേക്ക് കരാറടിസ്ഥാനത്തിലോ ഡെപ്യൂട്ടേഷൻ രീതിയിലോ അഞ്ചുവർഷ ത്തിൽ കവിയാത്ത നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിലേക്ക് നിയമിക്കാ വുന്നതാണ്.

** ** ** **